**ഭിന്നശേഷിക്കാർക്ക് "സൈഡ് വീൽസ്ക്കൂട്ടർ സബ്സിഡി" അപേക്ഷ ക്ഷണിക്കുന്നു.**

സ്വന്തമായി സ്ക്കൂട്ടർ വാങ്ങി സൈഡ് വീൽ ഘടിപ്പിച്ച് ഉപയോഗിക്കുന്ന ഭിന്നശേഷിക്കാർക്ക് കേരള സംസ്ഥാന ഭിന്നശേഷിക്ഷേമ കോർപ്പറേഷൻ മാനദണ്ഡങ്ങൾക്ക് വിധേയമായി 15,000/-(പതിനയ്യായിരം) രൂപവരെ സബ്സിഡിയായി അനുവദിക്കുന്നു. അപേക്ഷകർ നിശ്ചിത മാതൃകയിലുള്ള പൂരിപ്പിച്ച അപേക്ഷയോടൊപ്പം വാഹനം വാങ്ങിയതിൻെറയും സൈഡ് വീൽ ഘടിപ്പിച്ചതിൻെറയും ബിൽ, വരുമാന സർട്ടിഫിക്കറ്റ്, ആർ.സി.ബുക്കിൻെറ പകർപ്പ്, ഭിന്നശേഷിത്വം തെളിയിക്കുന്ന മെഡിക്കൽ ബോർഡിൻെറ സർട്ടിഫിക്കറ്റ്,റേഷൻ കാർഡിൻെറ ഒന്ന്, രണ്ട് പേജുകൾ,ലൈസൻസ്/ലേണേഴ്സ് ലൈസൻസ്,എന്നിവയുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ സഹിതം **2025 ജൂൺ** 10 **5.പി.എം** .ന് മുൻപായി kshpwcb5@gmail.com.എന്ന മെയിലിൽ സമർപ്പിക്കേണ്ടതാണ്.

അപേക്ഷ ഫോറംWWW.hpwc.kerala.gov.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് ഫോൺ.0471-2347768,9497281896 എന്ന നമ്പരിൽ ബന്ധപ്പെടുക.

മാനേജിംഗ് ഡയറക്ടർ

കേരള സംസ്ഥാന ഭിന്നശേഷിക്ഷേമ കോർപ്പറേഷൻ ലിമിറ്റഡ്
പൂജപ്പുര
തിരുവനന്തപുരം
695012

Managing Director
Kerala State Handicapped
Persons Welfare Corporation Ltd.
Poojappura, Thiruvananthapuram - 695012